**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2187** **21-06-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് വിപുലീകരണത്തിന് തുക അനുവദിച്ചുവെങ്കിലും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡയാലിസിസ്സ് യൂണിറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരികയാണ്. പ്രസ്തുത പ്രവൃത്തി 15/03/2024-ന് കരാർ വച്ച് 25/03/2024-ന് സൈറ്റ് ഹാന്റ് ഓവർ ചെയ്തുവെങ്കിലും പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്തു നിന്നും മണ്ണ് നീക്കി റീട്ടെയിനിംഗ് വാൾ നിർമ്മിക്കേണ്ടിയിരുന്നു. കൂടാതെ ഒരു വൈദ്യുതി പോസ്റ്റിന്റെ സ്റ്റേ മാറ്റി സ്ഥാപിക്കേണ്ടതായും വന്നു. ആയതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ ഒരു മാസത്തെ കാലതാമസം ഉണ്ടായി. നിലവിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും മാറ്റേണ്ടിയിരുന്ന മണ്ണ് നീക്കി റീട്ടെയിനിംഗ് വാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണികൾ ആരംഭിച്ച് ഫൂട്ടിംഗിനായുള്ള എർത്ത് വർക്കുകൾ നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദവിവരം അറിയിക്കാമോ; | (ബി) | നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. മാറ്റി സ്ഥാപിക്കേണ്ടിയിരുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും മുറിച്ചു മാറ്റേണ്ടിയിരുന്ന മരം മുറിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ